

# ഹാജറ

അബ്ദുല്ല നദ്‌വി കുറ്റൂർ

ഇബ്‌റാഹീം നബിയുടെ രണ്ടാം ഭാര്യയായ ഹാജറ പരിശുദ്ധിയുടെയും നിശ്ചയദാർഢ്യത്തിന്റെയും ഭക്തിയുടെയും കരുത്തുറ്റ പ്രതീകമാണ്. ഇബ്‌റാഹീ(അ)മിന് ആദ്യ ഭാര്യ സാറയുമായുള്ള ദാമ്പത്യത്തിൽ വർഷങ്ങൾ കഴിഞ്ഞിട്ടും സന്താനങ്ങൾ ഉണ്ടായിരുന്നില്ല. ഈജിപ്തുകാരിയും കറുത്ത സുന്ദരിയുമായ ഹാജറ സാറയുടെ അടിമയായിരുന്നു. സാറ, ഹാജറയെ ഇബ്‌റാഹീമിന് ദാനമായി നൽകുകയും അവരുടെ സമ്മതപ്രകാരം അദ്ദേഹം ഹാജറയെ വിവാഹം കഴിക്കുകയും ചെയ്തു. സൽഗുണസമ്പന്നയും സുശീലയും വിനീതയും പതിവ്രതയുമായിരുന്നു അവർ.

അടിമയായ ഹാജറയുമായി പ്രിയതമൻ ദാമ്പത്യം പങ്കിടുന്നതിൽ സാറക്ക് മനഃപ്രയാസമൊന്നും തോന്നിയിരുന്നില്ല. കുലം, ജാതി, വർഗ-വർണ-വൈജാത്യങ്ങൾക്കതീതമായ ഇസ്‌ലാമിന്റെ മാനുഷികമുഖമാണ് ഇവരുടെ ജീവിതത്തിലൂടെ അനാവൃതമാകുന്നത്.

വാർധക്യകാലത്ത് ഇബ്‌റാഹീം നബിക്ക് ഹാജറയിൽ പിറന്ന കുഞ്ഞാണ് ഇസ്മാഈൽ. ഇതിനുശേഷമാണ് സാറയിൽ ഇസ്ഹാഖ് ജനിച്ചത്. (ഇസ്മാഈൽ ജനിക്കുമ്പോൾ ഇബ്‌റാഹീം നബിക്ക് എൺപത്താറു വയസ്സും ഇസ്ഹാഖ് ജനിക്കുമ്പോൾ നൂറ് വയസ്സും ഉണ്ടായിരുന്നുവെന്നാണ് ബൈബിൾ പറയുന്നത്). ഇസ്രയേൽ ജനതയുടെ പ്രവാചക പരമ്പര ഇസ്ഹാഖിലും മുഹമ്മദ് നബിയുടെ പരമ്പര ഇസ്മാഈലിലും വന്നു ചേരുന്നു.

അല്ലാഹുവിന്റെ കൽപന പ്രകാരം ഇബ്‌റാഹീം(അ) ഹാജറയെയും മകൻ ഇസ്മാഈലിനെയും കൂട്ടി മക്കയിലെ വിജനമായ താഴ്‌വരയിലേക്ക് പലായനം ചെയ്തു. സാറയുടെ കൽപന പ്രകാരമാണ് ഹാജറയെ മരുഭൂമിയിൽ ഉപേക്ഷിച്ചതെന്ന ബൈബിൾ പരാമർശം ഒട്ടും ശരിയല്ല. ഇബ്‌റാഹീമിന്റെ ദൃഢനിശ്ചയവും സമചിത്തതയും വ്യക്തിപ്രഭാവവും ഇതിനെ ന്യായീകരിക്കുന്നുമില്ല.

ബുഖാരിയുടെ റിപ്പോർട്ടുപ്രകാരം മക്കയിലെ ഊഷരമായ മരുഭൂമിയിൽ ഹാജറയെയും മകനെയും ഉപേക്ഷിച്ചുപോകുമ്പോൾ 'ഇത് അല്ലാഹുവിന്റെ കൽപന പ്രകാരമാണോ' എന്ന് ഹാജറ ഇബ്‌റാഹീമിനോട് ചോദിക്കുന്നുണ്ട്. 'അതെ' എന്ന് അദ്ദേഹം പ്രത്യുത്തരം നൽകുകയുണ്ടായി. അപ്പോൾ ദൃഢസ്വരത്തിൽ ഹാജറ മറുപടി പറഞ്ഞു: 'എങ്കിൽ താങ്കൾ പോയിക്കൊള്ളുക. ദൈവം ഞങ്ങളെ കൈവെടിയുകയില്ല.' ഹാജറയുടെ നിശ്ചയദാർഢ്യവും അചഞ്ചലതയും ആത്മാർപ്പണവും മാറ്റുരച്ച അതിസങ്കീർണമായ സന്ദർഭമായിരുന്നു അത്.

ആൾപ്പാർപ്പില്ലാത്ത, കായ്കനികളും ജലലഭ്യതയുമില്ലാത്ത, ചുട്ടുപൊള്ളുന്ന മരുഭൂമിയിൽ തനിച്ചുപാർക്കാൻ ശേഷിയുള്ള, മരുഭൂമിയോളം വിശാലവും കാരിരുമ്പിന്റെ

ശക്തിയുമുള്ള ഹൃദയമായിരുന്നു ഹാജറയുടേത്. ഏത് പ്രയാസങ്ങളെയും പ്രതിസന്ധികളെയും തരണം ചെയ്യാനുള്ള ചങ്കൂറ്റം ഹാജറക്കുണ്ടായിരുന്നു.

ഇന്ന് കഅ്ബ സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ സമീപമുണ്ടായിരുന്ന ഒരു വൃക്ഷത്തിന്റെ ചുവട്ടിലാണ് ഇബ്‌റാഹീം അവരെ ഉപേക്ഷിച്ചത്. ഭൂമിയുടെ കേന്ദ്രബിന്ദുവായ മക്കയെ കേന്ദ്രീകരിച്ചുകൊണ്ട് ഒരു ഇസ്‌ലാമിക നവജാഗരണനാഗരികത പടുത്തുയർത്തുകയായിരുന്നു ഇതിലൂടെ ഇബ്‌റാഹീം ലക്ഷ്യം വെച്ചത്. വിട പറയുമ്പോൾ 'ജനഹൃദയങ്ങളെ ഇവരിലേക്ക് ആകർഷിപ്പിക്കേണമേ' എന്ന ഇബ്‌റാഹീമിന്റെ പ്രാർത്ഥന ഇതാണ് സൂചിപ്പിക്കുന്നത്.

"ഞങ്ങളുടെ നാഥാ! എന്റെ സന്താനങ്ങളിൽ നിന്ന് ചിലരെ കൃഷിയില്ലാത്ത ഒരു താഴ്‌വരയിൽ നിന്റെ പവിത്രമായ ഭവനത്തിനു സമീപം ഞാനിതാ താമസിപ്പിച്ചിരിക്കുന്നു. ഞങ്ങളുടെ നാഥാ! അവർ നമസ്കാരം നിലനിർത്തുന്നവരാകാൻ വേണ്ടിയാണിത്. ജനഹൃദയങ്ങളെ നീ അവരിലേക്ക് ആകർഷിപ്പിക്കേണമേ.' (ഇബ്‌റാഹീം)

ഹാജറ കരുതിവെച്ച ഭക്ഷണവും ജലവുമെല്ലാം ഏതാനും ദിവസങ്ങൾ കൊണ്ട് തീർന്നുപോയി. പിഞ്ചുപൈതലിന്റെ ദാഹമകറ്റാൻ വെള്ളമന്വേഷിച്ചുകൊണ്ട് വ്യഥിതമനസ്സുമായി സഫാ-മർവാമലകൾക്കിടയിൽ ഹാജറ ഏഴ് പ്രാവശ്യം നെട്ടോട്ടമോടി. ഇതിനെ അനുസ്മരിച്ചുകൊണ്ടാണ് ഹജ്ജ് വേളയിൽ വിശ്വാസിസമൂഹം സഫാ-മർവക്കിടയിൽ ഏഴ് പ്രാവശ്യം ഓടുന്നത്. സ്ത്രീകൾക്കിടയിൽ നിന്ന് മാത്രമല്ല, ലോകജനതയിൽ വെച്ച് തന്നെ ഹാജറക്ക് മാത്രം ലഭിച്ചിട്ടുള്ള അത്യപൂർവ്വമായ അംഗീകാരമാണിത്. ലോകാവസാനം വരെയുള്ള വിശ്വാസിസമൂഹം കാലങ്ങളായി ഹാജറയുടെ കാൽപ്പാടുകൾ അനുധാവനം ചെയ്തുകൊണ്ട് ഓടുകയാണ്. ഹജ്ജിൽ നിർബന്ധമായും അനുഷ്ഠിക്കേണ്ടുന്ന കർമങ്ങളിലൊന്നായ സഫാ-മർവക്കിടയിലൂടെയുള്ള ഓട്ടം ഹാജറയെ ലോകാവസാനം വരെ അനശ്വരയാക്കുന്നു.

പുണ്യഭൂമി സന്ദർശിക്കുന്ന ലക്ഷോപലക്ഷം വിശ്വാസികൾ ഹാജറക്ക് വരദാനമായി ലഭിച്ച സംസം കുടിച്ചു ആത്മനിർവൃതി കൊള്ളുന്നു. മരുഭൂമിയിലെ വരപ്രസാദമായ സംസം വെള്ളത്തിന്റെ രുചി നുണയാത്തവരായി ആരുമില്ല. ഹാജറയുടെ കനിവിന്റെയും കിതപ്പിന്റെയും കഥ പറയുന്ന, മാതൃത്വത്തിന്റെ ഏഴ് സാഗരങ്ങളും ആവാഹിച്ചെടുത്ത സംസം വെള്ളത്തിന് ഹാജറയുടെ കണ്ണീരിന്റെ രുചിയാണുള്ളത്. ഹാജറയെ ഓർത്തുകൊണ്ടല്ലാതെ ആർക്കെങ്കിലും സംസം കുടിക്കാൻ സാധിക്കുമോ?

സംസമിന്റെ പിറവിക്ക് ശേഷം മക്ക ക്രമേണ ജനവാസകേന്ദ്രമായി പരിണമിച്ചു. ജുർഹൂം ഗോത്രക്കാരായ സാർത്ഥവാഹക സംഘമാണ് ആദ്യമായി ഹാജറയുടെ താമസസ്ഥലത്തിനു സമീപം കുടിൽകെട്ടി പാർത്തത്. മിണ്ടിപ്പറയാൻ ആരോരുമില്ലാതെ വിഷമിച്ച ഹാജറക്ക് ഇതോടെ ആശ്വാസമായി. അറേബ്യൻ മണലാരണ്യത്തിൽ ആദ്യമായി നാഗരികതക്ക് ബീജാവാപം നൽകിയത് ഹാജറയാണ്. മൊത്തം അറേബ്യൻ ജനതയുടെ മാതാവാണവർ. ബുഖാരിയുടെ വിവരണ പ്രകാരം സ്ത്രീകളിൽ ആദ്യമായി അരഞ്ഞാൺ കെട്ടിയത് ഹാജറയാണ്. ആദ്യമായി കാത് കുത്തി ആഭരണം അണിഞ്ഞതും ഹാജറയാണെന്നു ചില ചരിത്രഗ്രന്ഥങ്ങളിൽ കാണുന്നു.

ഇബ്‌റാഹീം നബിയിൽ നിന്ന് പകർന്നുകിട്ടിയ ഇസ്‌ലാമിക ശിക്ഷണം മകൻ ഇസ്മാഈലിന് പകർന്നുനൽകി ലോകത്തിന് തന്നെയും മാതൃകയാകും വിധമാണ് മകനെ ഹാജറ വളർത്തിയത്. അതുകൊണ്ടുതന്നെയാണ് ദൈവത്തിന്റെ കൽപനക്ക് വിധേയനായി ബലികൊടുക്കാൻ കഴുത്ത് നീട്ടിക്കൊടുക്കാനുള്ള പക്വതയാർജ്ജിക്കാൻ ഇസ്മാഈലിന് കഴിഞ്ഞതും.

ഹാജറയെ മരുക്കാട്ടിൽ കുടിയിരുത്തി ഇസ്‌ലാമിക പ്രബോധനത്തിനായി ഇറങ്ങിത്തിരിച്ച ഇബ്‌റാഹീം വർഷങ്ങൾക്ക് ശേഷം മക്കയിൽ തിരിച്ചെത്തിയപ്പോൾ അവിടം ജനവാസകേന്ദ്രമായി മാറിയിട്ടുണ്ടായിരുന്നു. ഇതിനകം ഹാജറ മരണപ്പെട്ടിരുന്നു. വീട്ടിലെത്തിയ അദ്ദേഹത്തെ എതിരേറ്റത് ഇസ്മാഈലിന്റെ ഭാര്യയായിരുന്നു.